# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 12** — **01-12-2014- ൽ മറുപടിക്ക്**

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

**ചോദ്യം**

ശ്രീ. എം.എ.വാഹീദ് :
ശ്രീ.കെ.മുരളീധരൻ :
ശ്രീ. എ.റ്റി.ജോർജ് :
ശ്രീ. ആർ.സെൽവരാജ് :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ കീഴിൽ വിഴിഞ്ഞം വിവിധോദ്ദേശ്യ അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) **പാരിസ്ഥിതികാനുമതി**

ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

2) **മാസ്റ്റർ പ്ലാൻ**

ഇടത്തരം കപ്പൽ (9000 ടി.ഇ.യു) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മെയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

3) **പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ**

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ

മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

4) **<u>വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്</u>**

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ നിലനിർത്തിക്കൊണ്ട് തന്നെ പദ്ധതി ഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29 ന് കൂടിയ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിയ്ക്ക് തത്വത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

5) **<u>ധനസമാഹരണം</u>**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായിട്ടുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (India Infrastructure Finance Company Ltd) , HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810/- കോടി രൂപ സമാഹരിക്കേണ്ടതു ബോണ്ടുകളായാണ്. ഇതിനു വേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായി കഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരി-ക്കേണ്ടതുണ്ട്.

6) **<u>അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ</u>**

റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ജലം (3.3 MLD)

എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ നിർമ്മാണം നടന്നു വരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) 2014 ജനുവരി മാസം 3 ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിക്കുവേണ്ടി L & T Ramboll തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയുണ്ടായി. അതിനു ശേഷം പൊതുജനങ്ങളിൽ നിന്നും പരസ്യമായി തെളിവെടുക്കുകയും, തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകുകയുണ്ടായി. ഇവ ടി മന്ത്രാലയത്തിന് കീഴിൽ വരുന്ന വിദഗ്ദ്ധ സമിതി വിശദമായി പരിശോധിച്ച ശേഷം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി 2014 ജനുവരി 3-ാം തീയതി നൽകി. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ; | (സി) പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡമനുസരിച്ചുള്ള ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്. |
| (ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) പാരിസ്ഥിതികാനുമതി ലഭിച്ചതിനെ തുടർന്ന് സ്വകാര്യ പങ്കാളിയെ നിർണ്ണയിക്കുന്നതിനുള്ള ഫിനാൻഷ്യൽ ബിഡ് നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. 2014 ഡിസംബർ മുപ്പതിനാണ് ബിഡ് ഡ്യൂ ഡേറ്റ് ആയി തീരുമാനിച്ചിട്ടുള്ളത്. ടെണ്ടർ പ്രകാരമുള്ള സമയക്രമം പാലിച്ച് പദ്ധതിയുടെ നിർമ്മാണം 2015 നവംബർ മാസത്തോടെ തുടങ്ങാനുദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്? | (ഇ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാന സർക്കാരിന്റെ മിഷൻ 676 നവരത്ന പദ്ധതിയിൽ മറ്റു പദ്ധതികൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ